(1) ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി.

(2) പുറമ്പോക്കു നിവാസികളായ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം.

(3) ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗക്കാർക്കുള്ള പുനരധിവാസപദ്ധതി.

ഇവ കൂടാതെ ഗ്രാമവികസനവകുപ്പു മുഖേന ഐ.എ.വൈ/ ജെ.ആർ.വൈ. എന്നിവയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് ഭവന രഹിതരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീടു നിർമ്മിച്ചു നൽകുന്നതിന് സുവർണ്ണ ജൂബിലി സമ്പൂർണ്ണ മൈത്രി ഭവന നിർമ്മാണ പദ്ധതിയും നടപ്പാക്കി വരുന്നു. ത്രിതല പഞ്ചായത്തുകൾ ഭവനപദ്ധതികൾക്കാണ് മുൻതൂക്കം നൽകിവരുന്നത്.

(ബി) ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടുകൂടി പദ്ധതിയുടെ പ്രയോജനം ഈ വിഭാഗക്കാർക്ക് ലഭ്യമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സഹായം സ്വീകരിച്ചിട്ടുണ്ട്.

'ഗാലിയാർ' സമുദായത്തിന് ഒ.ബി.സി.ആനുകൂല്യം

11 (834) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഗാലിയാർ' സമുദായം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടതാണോ എന്ന് അറിയിക്കുമോ ;

(ബി) ഈ സമുദായാംഗങ്ങൾക്ക് തഹസീൽദാർമാർ ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകിയിരുന്നതായി അറിയുമോ ;

(സി) എന്നാൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ഈ സമുദായക്കാർക്ക് ഒ. ബി. സി. സംവരണം നിഷേധിക്കപ്പെട്ടിരിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) 'ഗാലിയാർ' സമുദായത്തിന് മുമ്പ് ലഭ്യമായിരുന്ന ഒ.ബി.സി. വിഭാഗക്കാർക്കുള്ള ആനുകൂല്യം നിലനിർത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 'ഗാലിയാർ' സമുദായം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നൽകിയിരുന്നു.

(സി,ഡി&ഇ) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(പി) 36/2000/എസ്സി, എസ്ടി ഡിഡി നമ്പരിൽ 27-5-2000 ലെ ഉത്തരവിൽ മറ്റു പിന്നോക്ക വിഭാഗപ്പട്ടികയിൽ 54-ാം ക്രമനമ്പരായി ഗാലിയാർ സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ക്രീമിലെയർ' നിബന്ധനകൾക്കു വിധേയമായി ഇവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതാണ്.

പിന്നോക്ക വിഭാഗ കോർപ്പറേഷനിലെ ജീവനക്കാരുടെ നിയമനം

12 (835) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ കോർപ്പറേഷനിലെ ജീവനക്കാരുടെ നിയമനം പി.എസ്.സിക്ക് വിടാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എന്നാണ് ഈ തീരുമാനം എടുത്തത് ;

(ബി) കഴിഞ്ഞ രണ്ടു മാസങ്ങൾക്കുള്ളിൽ കോർപ്പറേഷനിൽ ജോലി ചെയ്തുകൊണ്ടിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ട് ; അവർ ആരെല്ലാമാണ് ; ഇവർക്ക് എത്ര നാളത്തെ സർവ്വീസുണ്ടായിരുന്നു ;

(സി) കഴിഞ്ഞ രണ്ടു മാസങ്ങൾക്കുള്ളിൽ ഇവിടെ എത്രപേരെ നിയമിച്ചിട്ടുണ്ട് ; ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയത് ;

(ഡി) ഇവരെ ഏത് രീതിയിലാണ് നിയമിച്ചത് ; സ്ഥിരനിയമനമാണോ താൽക്കാലികനിയമനമാണോ ;

(ഇ) സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിര നിയമനം നടത്തുവാൻ പാടില്ല ഏത് സുപ്രീംകോടതി വിധി ഉണ്ടായിട്ടുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ കോടതി ഉത്തരവിനെതിരായ വിധത്തിൽ പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിയമനം നടത്താനുണ്ടായ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി.ക്ക് വിടണമെന്ന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഉത്തരവായിട്ടില്ല.

(ബി) കോർപ്പറേഷനിൽ സ്ഥിരം ജീവനക്കാരെ ആരെയും പിരിച്ച് വിട്ടിട്ടില്ല. ദിവസവേതന ജോലിക്കാരെ ജോലിയുടെ അളവനുസരിച്ച് ജോലിക്ക് നിയോഗിക്കുകയോ നിയോഗിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ 13 സ്റ്റെനോ ടൈപ്പിസ്റ്റുമാരെയും 26 പ്രോജക്ട് അസിസ്റ്റന്റുമാരെയും ഒരു കമ്പനി സെക്രട്ടറിയെയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly